
Volume 07
Issue 03
12 June, 2016
Sleehakalam V

Deut 1:33-46
Is 1:21-31
1Cor 14:1-12
Lk 12:22-34




# ദൈവഹിതത്തിനു സ്വയം സമർപ്പിക്കുക



Rev Bro
Anoop
Karingadu

വിയറ്റ്നാമിലെ ആർച്ചുബിഷപ്പായിരുന്ന ഫ്രാൻസീസ് വാൻത്വാൻ തന്റെ പ്രത്യാശയുടെ സാക്ഷ്യം എന്ന പുസ്തകത്തിൽ ഇപ്രകാരം വിവരിക്കുന്നുണ്ട്. 1975-ലെ പരിശുദ്ധ കന്യാകമറിയത്തിന്റെ സ്വർഗ്ഗാരോഹണത്തിരുന്നാളിന്റെ അന്ന് വിയറ്റ്നാമിലെ കമ്മ്യൂണിസ്റ്റ് പട്ടാളം ബിഷപ്പ് വാൻത്വാനെ അറസ്റ്റ് ചെയ്തു. ളോഹ ധരിച്ച് ജപമാലയും കൈയ്യിലേന്തി ജയിലിലേയ്ക്കുള്ള യാത്രാവേളയിൽ അദ്ദേഹം തന്നോട് യാത്രയായി പറഞ്ഞു. “എനിക്കു ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ സംഗതി ദൈവഹിതത്തിനു സ്വയം സമർപ്പിക്കുക എന്നതാണ്.

ഇന്ന് വി. ലൂക്കായുടെ സുവിശേഷം 12:22 മുതലുള്ള തിരുവചനങ്ങളിലൂടെ ഈശോമിശിഹായും നമ്മോടു പറയുന്നത് ഇത് തന്നെയാണ്. ദൈവഹിതത്തിനു സ്വയം സമർപ്പിക്കുക. ദൈവപരിപാലനയ്ക്കു നമ്മെ തന്നെ വിട്ടുകൊടുക്കുക. ഈശോ തന്റെ ഉപദേശം വ്യക്തമാക്കുന്നത് പ്രകൃതിയിൽ നിന്ന് തന്നെ എടുത്ത മൂന്ന് ഉദാഹരണങ്ങളിലൂടെയാണ്. കാക്കൾ, ലില്ലികൾ, പുല്ല്. ആരെയും പരിഗണിക്കാത്ത കാക്കയെപോലും കുറവൊന്നും കൂടാതെ ദൈവം പരിപാലിക്കുന്നുവെങ്കിൽ അല്പവിശ്വാസികളായ നാമൊരുത്തരെയും എത്രമാത്രം സംരക്ഷണയോടും കരുതലോടും കൂടിയാണ് അവിടുന്നു പരിപാലിക്കുന്നത്.

സ്നേഹമുള്ളവരെ ഇന്ന് നാം ജീവിക്കുന്നത് ഒത്തിരി ടെൻഷൻ നിറഞ്ഞ ലോകത്തിലാണ്. വളരെയധിതം ആകുലതകൾ നിറഞ്ഞ മനുഷ്യന് മുമ്പെയാണ്. ക്രൈസ്തരായ നമ്മുടെ ജീവിതത്തിലും ഇതുപോലുള്ള ആകുലതകൾ? എന്തുകൊണ്ടാണിങ്ങനെ? ജീവിതത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുകയും എന്നാലതിന് പരിഹാരമായ ക്രിസ്തുവിനെപറ്റി ചിന്തിക്കാതിരിക്കുകയും ചെയ്യുന്നതാണ് എല്ലാ ആകുതകളുടെയും കാരണം. ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികൾ എന്തുമായിക്കൊള്ളട്ടെ, എന്നാൽ എല്ലാ പ്രതിസന്ധികൾക്കും അപ്പുറത്തുള്ളവനാണ് യേശു ക്രിസ്തു. ആ യേശുമിശിഹായിൽ ആശ്രയിച്ചാൽ ഒരു പ്രതിസന്ധിക്കും നമ്മെ തളർത്താനാവില്ല.

പഴയനിയമ ഗ്രന്ഥങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ ദൈവഹിതത്തിനാശ്രയിച്ച് ദൈവപരിപാലനയ്ക്കു തന്നെതന്നെ വിട്ടുകൊടുത്ത ഒരു മനുഷ്യനെ കാണാൻകഴിയും. അത് മറ്റാരുമല്ല. ദാവീദാണ്. സാമൂവൽ പ്രവാചകന്റെ 1-ാം പുസ്തകം 17-ാം അദ്ധ്യായത്തിൽ ഇസ്രയേൽ സേന വെല്ലുവിളിക്കുന്ന മല്ലനായ ഗോലിയാത്തിനെ നാം കാണുന്നുണ്ട്. 44-ാം വചനത്തിൽ തന്നോട് യുദ്ധം ചെയ്യാൻ വന്ന ദാവീദിനോട് ഗോലിയാത്ത് പറയുന്നുണ്ട്. "ഞാൻ നിന്റെ മാംസം പറവകൾക്കും കാട്ടുമൃഗങ്ങൾക്കും കൊടുക്കുമെന്ന്." ദാവീദ് മറുപടി പറഞ്ഞു." വാളും കുന്തവും പടചട്ടയുമായി നീ എന്നെ നേരിടാൻ വരുന്നു. ഞാനാകട്ടെ നീ നിന്ദിച്ച ഇസ്രയേൽ സേനകളുടെ ദൈവമായ സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിലാണ് വരുന്നത്." അവസാനം എന്തു സംഭവിച്ചുവെന്ന് നമ്മുക്കെല്ലാവർക്കും അറിയാം. കർത്താവിന്റെ നാമത്തിലാശ്രയിച്ച് അവിടുത്തെ പരിപാലനയ്ക്ക് നമ്മെ തന്നെ വിട്ടു നൽകി യുദ്ധം ചെയ്ത ദാവീദ് ഗോലിയാത്തിന്റെ തലവെട്ടിയെടുത്തു.

ഏശയ്യാ പ്രവാചകന്റെ പുസ്തകം 40:31-ൽ പറയുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകൻമാരെപോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയുമില്ല. വീണ്ടും ജോഷ്വായുടെ പുസ്തകം 6-ാം അദ്ധ്യായത്തിൽ നാം കാണുന്നു " അടച്ച് ഭദ്രമായ ജറീക്കോ പട്ടണത്തിന്റെ കോട്ടമതിലിനു ചുറ്റും 7 ദിവസം ദൈവത്തിന്റെ വാഗ്ദാനപോടകവുമായി ഇസ്രായേൽ ജനം വലം വെച്ചപ്പോൾ 7-ാം ദിനം അത് തകർന്ന് തരിപ്പണമാകുന്നത്.

ജീവിതത്തിന്റെ മുൻപിൽ ഉയർന്ന് നിൽക്കുന്ന കോട്ടകൾ മതിൽപോലെ ഉയർന്നു നിൽക്കുന്ന പ്രശ്നങ്ങൾ പ്രതിസന്ധികൾ എത്രമാത്രം വലുതായിക്കൊള്ളട്ടെ ദൈവത്തിലാശ്രയിച്ച് ദൈവപരിപാലക്ക് വിട്ടുകൊടുത്താൻ നമ്മുടെ ജീവിതത്തിൽ വിജയമുണ്ടാകുമെന്നത് തീർച്ചയാണ്. നമ്മുടെയൊക്കെ ജീവിത്തിൽ ദൈവപരിപാലന നാം അനുഭവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ദൈവപരിപാലനയെ നമുക്കെങ്ങനെ മനസിലാക്കാനാകും.? ഒരു പക്ഷെ നാം ഇപ്രകാരം പറഞ്ഞേക്കാം എന്റെ ജീവിതത്തിൽ സംഭവിക്കുന്നതെന്തായാലും ശുഭകരവും പ്രിയപ്പെട്ടതുമായി മാറുന്നതാണ് ദൈവപരിപാലനയെന്ന്. എന്നാൽ ദൈവപരിപാലനയ്ക്ക് ഈ ഒരു മാനം മാത്രമല്ല ഉള്ളത്. ജീവിതത്തിൽ സംഭവിക്കുന്നതെന്തായാലും ശുഭകരവും പ്രിയപ്പെട്ടതുമായി മാറുന്നതാണ് മാത്രമല്ല ദൈവപരിപാലന. ഓരൊന്നും സംഭവിക്കുന്നത് ദൈവത്തിന്റെ കരങ്ങളിലാണെന്നും ദൈവത്തിന്റെ അിറവോടു കൂടിയതുമാണ് എന്ന അവബോധമാണ്. കുരിശിൽ കിടന്നുകൊണ്ട് യേശു അനുഭവിച്ച ദൈവപരിപാലന അതായിരുന്നു. "പിതാവെ നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു."

ദൈവം കൈവിട്ടു എന്നു തോന്നുന്ന അനുഭവങ്ങൾക്കു പിന്നിലും ആ അദൃശ്യകരങ്ങൾ കാണാൻസാധിക്കണം. തൊട്ടിലിലുള്ള കുഞ്ഞിനെപോലെ ദൈവം നമ്മെ മിഴിപൂട്ടി സംരക്ഷിക്കുന്നതു മാത്രമല്ല ദൈവപരിപാലന. കൊടും വെയിലിൽ തളർന്ന യോനാ പ്രവാചകന് ആശ്വാസ

മേകാൻ പച്ചിലതീർത്തതും പിന്നെ അത് എടുത്തു മാറ്റിയതും ദൈവം തന്നെയാണ് എന്ന് നാം മനസിലാക്കണം. വരുവിൻ ഊഷതയിൽ മനം മടുത്ത് തളർന്ന് അവശനായി മരണം കാത്ത് കിടന്ന ഏലിയായെ തട്ടിയുണർത്തി ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരു പാത്രം പാനീയവും ഇതാ തലയ്ക്കരികത്തിരിക്കുന്നു എഴുന്നേറ്റ് എടുത്ത് ഭക്ഷിക്കുക എന്നു പറഞ്ഞതും ദൈവംതന്നെ.

പ്രിയമുള്ളവരെ ദൈവപരിപാലന എന്നത് നാം സ്വീകരിക്കേണ്ട ഒന്നു മാത്രമല്ല. നാം വിട്ടു കൊടുക്കേണ്ടതും ആണ്. ഒരു വിറകുവെട്ടുകാരന്റെ കഥയുണ്ട്. ഒരിക്കൽ വിറകുവെട്ടുവാനായി വനത്തിലേയ്ക്കുപോയപ്പോൾ മുറിവേറ്റു കിടക്കുന്ന ഒരു കുറുക്കനെ കണ്ടു. ഇത് ഇനി എങ്ങനെ ജീവിക്കുമെന്ന് ചിന്തിച്ചു നിൽക്കുമ്പോൾ ഒരു സിംഹം ഒരു തുണ്ടു മാംസം അതിന്റെ മുമ്പിൽ കൊണ്ടു വരുന്നതയാൾ കണ്ടു. ഇങ്ങനെ പല ദിവസങ്ങൾ അയാൾ ആ കാഴ്ച കണ്ടു. അത് ദൈവപരിപാലനയാണെന്ന് അയാൾക്കുറപ്പായി. പിന്നീട് അയാൾ പണിക്കുപോകാതെയായി. അയാൾ ബൈബിൾ തുറന്ന് പ്രവാചകന് അപ്പം കൊടുത്ത കാക്കയുടെ കഥ പ്രത്യാശപൂർവ്വം വായിച്ചു. ദിവസങ്ങൾ കഴിഞ്ഞു. ആഴ്ചകൾ കഴിഞ്ഞു. എന്നിട്ടും ആരും അയാളെ അന്വോഷിച്ച് എത്തിയില്ല. അയാൾ പട്ടിണി കിടന്ന് മരിക്കുമെന്ന് ഉറപ്പായപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ട് അയാളെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു ആ വന ദൃശ്യം നിനക്കു കാട്ടിതന്നത് നീ സ്വീകരിക്കേണ്ട പരിപാലനെപ്പറ്റി പഠിക്കാനല്ല നീ കൊടുക്കേണ്ട പരിപാലനെപറ്റി ഓർമ്മിപ്പിക്കാനായിരുന്നു.

നാം എല്ലാവരും ദൈവത്തിന്റെ അനന്തപരിപാലനയുടെ ഉപകരണങ്ങളാകണം. നമ്മുടെയൊക്കെ ജീവിതത്തിൽ തന്നെ വേറെ ചില മനുഷ്യരുടെ ഇടപെടലല്ലേ ദൈവത്തിന്റെ കരുതലായി നാം ഓർമ്മിച്ചെടുക്കുന്നത്. ദൈവത്തിന്റെ ഈ അനന്ത പരിപാലനയിൽ നമുക്ക് വിശ്വസിക്കാം. ആകാശത്തിലെ പറവകളെയും ഈ ഭൂമി മുഴുവനെയും പരിപാലിക്കുന്ന ദൈവത്തിൽ നമുക്ക് വിശ്വസിക്കാം. ആ പരിപാലനയുടെ ഉപകരണങ്ങളായി നമുക്കു മാറാം.